(ബി)&(സി) പത്തനംതിട്ട മുനിസിപ്പൽ കൗൺസിലിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഗോൾഡൻ ജൂബിലി മെമ്മോറിയൽ ഗേറ്റും, യുദ്ധസ്മാരകവും പണിയുന്നതിന് പത്തനംതിട്ട മുനിസിപ്പൽ കൗൺസിലാണ് തീരുമാനം എടുത്തിട്ടുള്ളത്. യുദ്ധസ്മാരകത്തിനായി ഉദ്ദേശം മൂന്ന് സെന്റ് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. സ്മാരകം പണിയുന്നതിനായി മുനിസിപ്പൽ കൗൺസിലിന്റെ വകയായി രണ്ട് ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ശിവഗിരി സംഘം ട്രസ്റ്റ് അഡ്മിനിസ്ട്രേറ്റർ

110(1598)ശ്രീ. കെ. ബാബു :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ശിവഗിരി ധർമ്മസംഘം ട്രസ്റ്റ് അഡ്മിനിസ്ട്രേറ്റർ ആരാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇദ്ദേഹത്തെ ആ സ്ഥാനത്തേക്ക് നിയമിച്ചതെന്നാണ്;

(സി) ഇദ്ദേഹത്തിന്റെ നിയമനം റദ്ദാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആരെങ്കിലും ഹൈക്കോടതിയിൽ ഹർജി നിൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഹർജിയിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ്;

(ഇ) ഇദ്ദേഹത്തിനെതിരെ വിജിലൻസ് അന്വേഷണം നടത്തുന്നതിന് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അനുമതി ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ അനുമതി നൽകിയോ;

(എഫ്)കേന്ദ്ര വിജിലൻസ് കമ്മീഷൻ പ്രസിദ്ധീകരിച്ച അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ ലിസ്റ്റിൽ ഇദ്ദേഹത്തിന്റെ പേരും ഉൾക്കൊള്ളിച്ചിരുന്നുവോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രീ. ടി.ജി. രാജേന്ദ്രൻ, ഐ.എ.എസ്.

(ബി) 16.11.1999-ൽ.

(സി)&(ഡി) ഒ.പി.4113/2000 നമ്പരായി ശ്രീ. കെ.എസ്. പ്രമോദ് എന്നയാൾ ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ശ്രീ. ടി.ജി. രാജേന്ദ്രനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതി നൽകുന്നതിനും ശിവഗിരി ധർമ്മസംഘം ട്രസ്റ്റ് അഡിമിനിസ്ട്രേറ്റർ സ്ഥാനത്ത് നിന്ന് നീക്കുന്നതിനും ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകണമെന്നതാണ് ഹർജിയിലെ പ്രാർത്ഥന.

(ഇ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആയിരിക്കെ ടിയാനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നതിന് അനുമതി നൽകുകയും അന്വേഷണം നടക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) കേന്ദ്ര വിജിലൻസ് കമ്മീഷൻ പ്രസിദ്ധീകരിച്ച ലിസ്റ്റ് ഔദ്യോഗികമായി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly